# Information Technology
# **Sample Questions - Practical**
## Std 10 : Malayalam Medium

1. മാതൃക പോലെ ഒരു ചിത്രം Inkscape സോഫ്റ്റ്‌വെയറിൽ തയാറാക്കുക. ഫയൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 എന്ന ഫോൾഡറിൽ സേവ് ചെയ്യുക.

   സൂചന:
   - വൃത്തങ്ങൾക്ക് Linear gradient നൽകുക.



2. പഞ്ചായത്ത് തയ്യാറാക്കിയ പ്രാദേശികവിഭവഭൂപടത്തിന്റെ മാതൃക localbody_map.qgs എന്ന പേരിൽ Home/Exam_documents/QGIS_Map എന്ന ഫോൾഡറിൽ ലഭ്യമാണ്. ഈ ഭൂപടം ക്യൂജിസ് സോഫ്റ്റ്‌വെയറിൽ തുറന്ന് താഴെ നൽകിയ പ്രവർത്തനങ്ങൾ ചെയ്യുക.

   - പ്രദേശത്തെ നെൽവയലുകൾ രേഖപ്പെടുത്താനായി Area, Place, Owner എന്നീ വിശേഷണങ്ങൾ നല്കി ' Paddy Fields ' എന്ന ഒരു ലെയർ നിർമിക്കുക. ( ലെയർ ടൈപ്പ് - Polygon )
   - Toggle Editing, Add Feature എന്നീ ടൂളുകൾ ഉപയോഗിച്ച് ഭൂപടത്തിൽ നെൽവയൽ രേഖപ്പെടുത്തുക.
   - ഈ ഭൂപടത്തിന്റെ സ്ക്രീൻ ഷോട്ട് നിങ്ങളുടെ രജിസ്റ്റർ നമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 എന്ന ഫോൾഡറിൽ സേവ് ചെയ്യുക.(സ്ക്രീൻഷോട്ട് ലഭിക്കാനായി കീബോർഡിലെ പ്രിന്റ്സ്ക്രീൻ കീ അമർത്തുക.)

3. സൺക്ലോക്ക് സോഫ്റ്റ്‌വെയർ തുറന്ന് ഭൂപടത്തിലെ സമയം 2017 ജൂൺ 3 , 9.30am ആയി ക്രമീകരിച്ച്, സൂര്യചന്ദ്രമാരെ പ്രദർശിപ്പിക്കുക. ഇതിന്റെ സ്ക്രീൻഷോട്ട് എടുത്ത് നിങ്ങളുടെ രജിസ്റ്റർ നമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 എന്ന ഫോൾഡറിൽ സേവ് ചെയ്യുക. (സ്ക്രീൻഷോട്ട് ലഭിക്കാനായി കീബോർഡിലെ പ്രിന്റ്സ്ക്രീൻ കീ അമർത്തുക.)

4. Home ലെ Exam_documents ലുള്ള styles.ott ഫയൽ തുറന്ന് ശീർഷകങ്ങൾക്ക് വേണ്ടി ചുവടെ നൽകിയിരിക്കുന്ന പ്രത്യേകതകൾ ഉൾപ്പെടുത്തി ഒരു സ്റ്റൈൽ തയ്യാറാക്കുക.

| | |
|---|---|
| ഫോണ്ട് വലുപ്പം | - 16 Pt |
| ഫോണ്ട്നിറം | - പച്ച |
| ഫോണ്ട്ഫാമിലി | - രചന |

എല്ലാ ശീർഷകങ്ങൾക്കും ഈ സ്റ്റൈൽ നൽകി നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി Home ലെ Exam10 എന്ന ഫോൾഡറിൽ സേവ് ചെയ്യുക.

5. ഒരു ഐ ഡി കാർഡിന്റെ മാതൃക id_card.odt എന്ന പേരിലും കുട്ടികളുടെ വിവരങ്ങൾ students.ods എന്ന ഫയലിലും Home ലെ Exam_documents ഫോൾഡറിൽ നൽകിയിട്ടുണ്ട്. id_card.odt തുറന്ന് മെയിൽമെർജ് സങ്കേതം പ്രയോജനപ്പെടുത്തി എല്ലാ കുട്ടികൾക്കും ഐ ഡി കാർഡ് തയ്യാറാക്കി നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി Home ലെ Exam 10 എന്ന ഫോൾഡറിൽ സേവ് ചെയ്യുക

6. കേരളത്തിൽ നടപ്പാക്കുന്ന നവകേരള മിഷനെ സംബന്ധിക്കുന്ന ഒരു വിവരണം Home ലെ Exam_documents ഫോൾഡറിൽ kerala.ott എന്ന പേരിൽ സേവ് ചെയ്തിട്ടുണ്ട്. ഫയൽ തുറന്ന് അതിലെ ശീർഷകങ്ങൾക്ക് Heading 1 എന്ന സ്റ്റൈൽ നൽകുക, ഈ ഡോക്യുമെന്റിന് ഉള്ളടക്കപ്പട്ടിക തയ്യാറാക്കി നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി Home ലെ Exam10 എന്ന ഫോൾഡറിൽ സേവ് ചെയ്യുക

7. ഒരു സമപഞ്ചഭുജം നിർമിക്കുന്നതിനുള്ള പൈത്തൺ പ്രോഗ്രാമും അതു പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന ഔട്ട്പുട്ടും (ഔട്ട്പുട്ട് 1) കാണുക.

| പ്രോഗ്രാം | ഔട്ട്പുട്ട് 1 | ഔട്ട്പുട്ട് 2 |
|---|---|---|
| from turtle import*<br>for n in range(5):<br>    forward(100)<br>    right(72) |  |  |

പ്രോഗ്രാം ടൈപ്പ് ചെയ്തു പ്രവർത്തിച്ചിച്ച ശേഷം ഇതേ പ്രോഗ്രാമിൽ pensize(5), color("blue") എന്നീ വരികൾ അനുയോജ്യമായ സ്ഥലങ്ങളിൽ കൂട്ടിച്ചേർത്ത് സമപഞ്ചഭുജം കട്ടിയുള്ള നീല (ഔട്ട്പുട്ട് 2) വരയോടു കൂടിയതാക്കുക. മാറ്റിയെഴുതിയ പ്രോഗ്രാം Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.

8. ഒരു പൈത്തൺ പ്രോഗ്രാമും അതു പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന പാറ്റേണും (ഔട്ട്പുട്ട്) നൽകിയിരിക്കുന്നു.

| പ്രോഗ്രാം | ഔട്ട്പുട്ട് |
|---|---|
| from turtle import*<br>for i in range(6):<br>    right(60)<br>    for i in range(5):<br>        forward(70)<br>        right(72) |  |

പ്രോഗ്രാം ടൈപ്പ് ചെയ്ത് പ്രവർത്തിപ്പിക്കുക. അതിനു ശേഷം പ്രോഗ്രാമിൽ pensize(5) എന്ന വരി അനുയോജ്യമായ സ്ഥലത്ത് കൂട്ടിച്ചേർത്ത് പാറ്റേണിലെ വരകൾ കട്ടിയുള്ളതാക്കുക. മാറ്റം വരുത്തിയ ഫയൽ Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.

9. സ്കൂൾ ലൈബ്രറിയിലെ ഏതാനും പുസ്തകങ്ങളുടെ വിവരങ്ങൾ ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| Book_No | Name | Author | Price | Category |
|---|---|---|---|---|
| 101 | Randamoozham | M T Vasudevan Nair | 250 | Novel |
| 102 | Khasakkinte Itihasam | O V Vijayan | 150 | Novel |
| 103 | Indulekha | O Chandumenon | 90 | Novel |
| 104 | Chemmeen | Thakazhi Sivasankara Pillai | 210 | Novel |

- ലിബർ ഓഫീസ് ബേസിൽ (LibreOffice Base) ഒരു ഡാറ്റാ ബേസ് നിർമ്മിച്ച്, Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർ നമ്പർ_ചോദ്യനമ്പർ ഫയൽനാമമായി നൽകി സേവ് ചെയ്യുക.
- നൽകിയിട്ടുള്ള വിവരങ്ങൾ ഉൾപ്പെടുത്താൻ Book No പ്രൈമറി കീ ആയുള്ള ഒരു പട്ടിക Book_details എന്ന പേരിൽ നിർമ്മിക്കുക.
- ഒരു ഫോം തയ്യാറാക്കി, പട്ടികയിൽ കൊടുത്തിരിക്കുന്ന ആദ്യത്തെ പുസ്തകത്തിന്റെ വിവരങ്ങൾ ഇതിലേക്ക് ചേർക്കുക.

10. Home ലെ Exam_documents ൽ നൽകിയിട്ടുള്ള reading.html എന്ന ഫയൽ പ്രവർത്തിപ്പിച്ചപ്പോൾ ലഭിച്ച വെബ്പേജ് നൽകിയിരിക്കുന്നു.




ഈ ഫയൽ ബ്രൗസറിൽ പ്രവർത്തിപ്പിക്കുക. അതിനു ശേഷംText Editor ഉപയോഗിച്ച് ഫയൽ തുറന്ന് css കോഡുകൾ എഡിറ്റു ചെയ്ത് താഴെ പറയുന്ന മാറ്റങ്ങൾ വരുത്തി Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക (Save as).

- വെബ്പേജിലെ തലക്കെട്ട് നീല (blue) നിറത്തിലാക്കുക.
- തലക്കെട്ടിന് പശ്ചാത്തലമായി മഞ്ഞ (yellow) നിറം നൽകുക.

11. Home ലെ Exam_documents ൽ നൽകിയിട്ടുള്ള butterfly_fly.sifz എന്ന ഫയൽ SynfigStudio സോഫ്റ്റ്‌വെയറിൽ തുറന്ന് ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുക.

- Save as ഉപയോഗിച്ച് Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർ നമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.
- Home ലെ Images10 ൽ നിന്നും butterfly.png എന്ന ചിത്രം ഉൾപ്പെടുത്തുക.
- ചിത്രശലഭം പറക്കുന്നതിന്റെ അനിമേഷൻ തയാറാക്കുക.
- ഇത് Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർ നമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി flv ഫോർമാറ്റിലേക്ക് എക്സ്പോർട്ട്ചെയ്യുക.

